സാഹചര്യത്തിൽ വൈദ്യുതി ബോർഡ് സ്വന്തമായി യാർഡ് നിർമ്മിക്കുന്നത് ആലോചിച്ചിട്ടില്ല.

(9) ഫാക്ടംഫോസിന്റെ ദൗർലഭ്യം

ശ്രീ. മുരളി പെരുനെല്ലി : സർ, നെൽകൃഷിയുടെ അടിസ്ഥാന വളം ഫാക്ടംഫോസ് ആണെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ വിളവ് ഇറക്കുന്ന സമയം ഫാക്ടംഫോസിന്റെ ദൗർലഭ്യം ഒരു തുടർക്കഥയായി മാറുകയാണ്. ജൈവകൃഷി രീതിക്ക് സർക്കാർ നല്ല പ്രോത്സാഹനം കൊടുക്കുന്നത് സ്വാഗതാർഹമാണെങ്കിലും ഇന്നും ഉൽപ്പാദനവർദ്ധനവിന് കൃഷിക്കാർ പ്രധാനമായും ആശ്രയിക്കുന്നത് രാസവളങ്ങളെ തന്നെയാണ്. സംസ്ഥാനങ്ങൾക്കുള്ള ഫാക്ടംഫോസിന്റെ കാട്ട നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഓരോ വിളവിന്റെ തുടക്കത്തിലും ആവശ്യമായ രാസവളത്തിന്റെ കൃത്യമായ, ശാസ്ത്രീയമായ കണക്ക് തയ്യാറാക്കി അത് കേന്ദ്രത്തിന് നൽകി അത് നേടിയെടുക്കാൻ കഴിയേണ്ടതുണ്ട്. ഫാക്ടംഫോസ് ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രമായ എഫ്.എ.സി.ടി. നമ്മുടെ സംസ്ഥാനത്താണെങ്കിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന ഫാക്ടംഫോസിന്റെ നല്ലൊരു പങ്കും അന്യസംസ്ഥാനങ്ങളിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. കതിരിൽ വളംവച്ചിട്ട് യാതൊരു കാര്യവുമില്ല. ശരിയായ സമയം ഈ വളം കിട്ടുന്നതിന് ആവശ്യമായ നടപടി ഉണ്ടാകേണ്ടതുണ്ട്. വിളവിറക്കുന്ന സമയം അടിവളമായിട്ട് ഉപയോഗിക്കുന്ന ഫാക്ടംഫോസ് നെൽ കർഷകർക്ക് ലഭ്യമാക്കാൻ അടിയന്തരമായ നടപടി സ്വീകരിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തിയെടുക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്ന തരത്തിൽ കേന്ദ്ര രാസവള മന്ത്രാലയമാണ് സംസ്ഥാനത്തിനുള്ള കാട്ട ബന്ധപ്പെട്ട കമ്പനികൾക്ക് നിശ്ചയിച്ചു കൊടുക്കുന്നത്. ഈ ജൂൺ മാസത്തിൽ ആകെ ഫാക്ടംഫോസ് ഉൾപ്പെടെയുള്ള കോംപ്ലക്സ് വളങ്ങൾ, 24000 ടൺ നമുക്ക് തരാമെന്നാണ് പറഞ്ഞിരുന്നത്. ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡും ഇഫ്കോയും സുവാരിയുമൊക്കെ കൂടി ഏതാണ്ട് 10,000-ത്തോളം ടൺ വളം സപ്ലൈ ചെയ്യാനായി അവരോട് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിരുന്നെങ്കിലും അവർ ആ വളം സപ്ലൈ ചെയ്തില്ല. ഫാക്ടംഫോസ് 24,000 ടൺ സപ്ലൈ ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് അവരോട് നിർദ്ദേശിച്ചിരുന്നെങ്കിലും 23,909 ടൺ അവർ വിതരണം ചെയ്തിരുന്നു. അനുവദിക്കപ്പെട്ട മറ്റ് കോംപ്ലക്സ് വളങ്ങൾ നൽകേണ്ട കമ്പനികൾ അത് നൽകാത്തത് കാരണം തോട്ടം മേഖലയിലും മറ്റും ഫാക്ടംഫോസ് ഉപയോഗിച്ചതുമൂലം നെൽ കൃഷിക്ക് വേണ്ടത്ര ഫാക്കംഫോസ് ആ മാസത്തിൽ കിട്ടാതെ വന്നു. ഫാക്കംഫോസ് വിതരണം ചെയ്യാത്തതല്ല, മറ്റ് കമ്പനികൾ ആ വളങ്ങൾ വിതരണം ചെയ്യാത്തതുകൊണ്ട് വന്നതാണ്. ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ടതിനെ തുടർന്ന് ജൂലൈ മാസത്തിലേയ്ക്ക് അനുവദിച്ചിരുന്ന 20300 ടൺ

LIBRARY ARCHIVES Kerala Legislative Assembly

ഫാക്ടംഫോസിന് പുറമേ 5000 ടൺ ഫാക്ടംഫോസ് കൂടി സംസ്ഥാനത്തിന് അനുവദിച്ചു. ജൂലൈ മാസത്തിൽ ഇതുവരെ 10968 ടൺ ഫാക്ടംഫോസ് വിതരണം ചെയ്തുകഴിഞ്ഞു. ഇതിനുപുറമെ ഇഫ്കോ 2653 ടൺ കോംപ്ലക്സ് വളം പാലക്കാട്ട് കൊണ്ടുവന്ന് തൃശൂർ മുതൽ വടക്കോട്ടുള്ള ജില്ലകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. തെക്കുള്ള ഒരു പ്രശ്നം കോട്ടയത്തും കായംകുളത്തുമാണ് ഇതിന് റെയിൽസ് പോയിന്റ് ഉള്ളത്. അവിടെ റെയിൽവേ വാഗൺ പലപ്പോഴും അനുവദിക്കാത്തതുകൊണ്ട് കോട്ടയം, കായംകുളം മേഖലയിൽ വരുന്നതാണ് തെക്കൻ കേരളത്തിൽ വിതരണം നടത്തുന്നത്. അപ്പോൾ ഈ വാഗണിന്റെ ക്ഷാമം ചിലപ്പോൾ അനുഭവപ്പെടുന്നുണ്ട്. പക്ഷേ ഇപ്പോൾ ഈ ജൂലൈ മാസത്തിൽ അത് അനുഭവപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(10) അംഗീകൃത ഹോസ്റ്റലുകളിലേയ്ക്കുള്ള കുട്ടികളുടെ പ്രവേശനം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, അങ്ങ് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നല്ല രീതിയിൽ സഹായം ചെയ്തിട്ടുണ്ട്. അതിന് നന്ദിയുണ്ട്. എന്റെ സബ്മിഷൻ അംഗീകൃത സ്ഥാപനങ്ങൾ നടത്തുന്ന ഹോസ്റ്റലുകളിലേയ്ക്ക് കുട്ടികളെ തെരഞ്ഞെടുക്കുന്നത് ജില്ലാ ഓഫീസുകൾ വഴിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, തിരുവനന്തപുരത്തെ സർക്കാർ റെക്കഗ്നൈസ്ഡ് ഹോസ്റ്റലുകളിന്മേൽ സർക്കാരിന്റെ നിയന്ത്രണം സംബന്ധിച്ചാണ് സബ്മിഷൻ. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൻ കീഴിൽ 8 പ്രീ-മെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമാണ് തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ളത്. ഇവയിലെല്ലാം വകുപ്പുകളുടെ ജില്ലാതല ഓഫീസുകളിൽ നിന്ന് നേരിട്ടാണ് പ്രവേശനം നടത്തുന്നത്. ഈ ഹോസ്റ്റലുകളെല്ലാം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് നടത്തിവരുന്നത്. തിരുവനന്തപുരം ജില്ലയിൽ 7 സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് ആനുകൂല്യം നൽകിവരുന്നു. എൽ.എം.എസ്. വിമൻസ് കോളേജ്, പാളയം; എസ്.എൻ.വി. സദനം, ബേക്കറി ജംഗ്ഷൻ; ലേഡീസ് വെൽഫെയർ ഹോസ്റ്റൽ, നന്ദാവനം; രാമകൃഷ്ണ ഹോസ്റ്റൽ, തൈയ്ക്കാട്; സനാതന മിഷൻ ഹോസ്റ്റൽ, വഴുതക്കാട്; വൈ.ഡബ്ല്യൂ.സി.എ., സ്റ്റാറ്റ്യൂ; വൈ.എം.സി.എ., സ്റ്റാറ്റ്യൂ എന്നിവയാണ് ഈ ഹോസ്റ്റലുകൾ. കൂടാതെ സ്ഥാപനങ്ങൾ നേരിട്ടു നടത്തുന്ന ഇൻസ്റ്റിറ്റ്യൂഷണൽ ഹോസ്റ്റലുകളിലും പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ അലവൻസ് നൽകിവരുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാം അഡ്മിഷൻ നൽകുന്നത് അതാത് സ്ഥാപനങ്ങൾ നേരിട്ടാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവി നിർദ്ദേശിക്കുന്നതിനനുസരിച്ചാണ് ആനുകൂല്യങ്ങൾ നൽകിവരുന്നത്. സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തിവരുന്ന പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സ്ഥാപനത്തോടു ചേർന്ന് ഹോസ്റ്റൽ സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly